"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഎ1/599/2018-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/04/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് അനിവാര്യമാക്കുന്നത് - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം നം. 2.17
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.02.2017-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം നം. 2.7
3. കോഴിക്കോട് ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിങ്ങിന്റെ 01.08.2018-ലെ 76/DPAW2/2018 KKD -ാം നമ്പർ കത്ത്

**********************

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ആരംഭിക്കുകയും, പൂർത്തീകരിക്കുകയും ചെയ്യുകയും എന്നാൽ സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഓഡിറ്റ് നടത്തുന്ന അവസരങ്ങളിൽ സി.സി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമല്ല എന്ന കാരണത്താൽ ഓഡിറ്റ് പരാമർശമുണ്ടാകുന്നത് ചൂണ്ടിക്കാട്ടി, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനത്തിന്മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് അനിവാര്യമാണോ എന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് കോഴിക്കോട് ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിങ് സൂചന (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പ്രാദേശിക തലത്തിൽ രൂപപ്പെടുത്തുന്ന പദ്ധതികളുടെ നിരീക്ഷണം, അവയുടെ ഫലപ്രദമായ നിർവ്വഹണം എന്നിവ ഉറപ്പുവരുത്തുന്നതിനും ഏകോപനത്തിനുമായാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി രൂപവൽക്കരിച്ചിട്ടുള്ളത്. പദ്ധതി അംഗീകാരം നല്കുന്നതിനുള്ള ഉന്നതാധികാര സമിതിയാണ് സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.

കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്നും, അപ്രകാരം നടപടി സ്വീകരിച്ചില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കാണുന്നതാണെന്നും സൂചന (1) യോഗം തീരുമാനമെടുത്തിരുന്നു. "പ്രത്യേക സർക്കാർ ഉത്തരവുകൾ ആവശ്യമില്ലാത്ത വിഷയങ്ങളിന്മേൽ കോ- ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർ നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്ന തീരുമാനം സൂചന (2)

യോഗത്തിലും കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീയതിക്കുശേഷമുള്ള വളരെ പ്രാധാന്യമുള്ള വിഷയങ്ങളിൽ മാത്രം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്. അതിന് മുൻപ് നടന്ന കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നില്ല. മേൽ പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കേണ്ടതില്ലാത്തതും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ നടപ്പിലാക്കാവുന്നതുമാണ്.

**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ (AC2/28/2020-LSGD)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.04.20 15:59:25 IST
Reason: Approved
സെക്ഷൻ ഓഫീസർ.